# <u>നവകേരളീയം കുടിശ്ശിക നിവാരണം- 2020 രണ്ടാം ഘട്ടം</u>

**Email : keralarcs.coop@kerala.gov.in**
**Website : www.cooperation.kerala.gov.in**

A.E.L.4858/20

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : **03.11.2020**

## <u>സർക്കുലർ നമ്പർ :75/2020</u>

വിഷയം- സഹകരണ വകുപ്പ്- പ്രാഥമിക സഹകരണ സംഘം/ ബാങ്കുകളിൽ നവകേരളീയം കുടിശ്ശിക നിർമ്മാർജ്ജനം- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2020-രണ്ടാം ഘട്ടം ദീർഘിപ്പിക്കുന്നത് - 2020 നവംബർ 1 മുതൽ 2020 ഡിസംബർ 31 വരെ നടപ്പാക്കുന്നതിന് അനുമതി നൽകുന്നത്-സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 27.08.2020 തീയതിയിലെ 64/2020 നമ്പർ സർക്കുലർ.

2020 സെപ്റ്റംബർ 1 മുതൽ 2020 ഒക്ടോബർ 31 വരെ "**നവകേരളീയം കുടിശ്ശിക നിവാരണം 2020**" ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി രണ്ടാം ഘട്ടം നടത്തുന്നത് സംബന്ധിച്ച് സൂചന പ്രകാരം സർക്കുലർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കോവിഡ്-19 മഹാമാരി മൂലം സഹകാരികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല എന്നും പദ്ധതിയുടെ ആനുകൂല്യം തുടർന്നും ലഭ്യമാക്കണമെന്നും വിവിധ കോണുകളിൽ നിന്നും വ്യാപകമായ ആവശ്യം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി 2020 **നവംബർ 1 മുതൽ 2020 ഡിസംബർ 31** വരെ സൂചന സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു. ക്യാമ്പയിന്റെ പുരോഗതി റിപ്പോർട്ട് സംഘം തലത്തിൽ പ്രൊഫോർമ 4- ലും താലൂക്ക് തലത്തിൽ പ്രൊഫോർമ 5- ലും ജില്ലാ തലത്തിൽ പ്രൊഫോർമ 6 - ലും ആർബിട്രേഷൻ കേസുകളുടെ അവലോകനം പ്രൊഫോർമ 7- ലും എക്സിക്യൂഷൻ കേസുകളുടെ അവലോകനം പ്രൊഫോർമ 8- ലും തയ്യാറാക്കി അതാത് തലത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ 10.01.2021 നകം സഹകരണ സംഘം രജിസ്ട്രാർക്ക് തപാലിലും **aelrcs2018@gmail.com.** എന്ന ഇ-മെയിലിലും സമർപ്പിക്കേണ്ടതാണ്.

സംസ്ഥാന തല സ്റ്റിയറിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ട അപേക്ഷകൾ പ്രൊഫോർമ 9 ൽ സർക്കുലർ മാനദണ്ഡങ്ങൾ പാലിച്ച് പരിശോധന നടത്തി കൃത്യമായ അനുബന്ധ രേഖകൾ സഹിതം അർഹരായവരുടെ പട്ടിക 15.01.2021 നകം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-
ഡോ.നരസിംഹുഗരി.ടി.എൽ.റെഡ്ഡി. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ് :**

1. സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും, എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
5. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം.
6. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
7. ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ.
8. കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്
9. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ
10. പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം.
11. പ്രസിഡന്റ്/സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്ത പുരം
12. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) /വാല്വേഷൻ ആഫീസർക്കും
13. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
14. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
15. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/സെക്ഷനുകൾക്കും
16. രജിസ്ട്രാറുടെ മേശപ്പുറത്ത്
17. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
18. വെബ്സൈറ്റ്
19. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

(ഒപ്പ്)

അസിസ്റ്റന്റ് രജിസ്ട്രാർ(സി.എൽ.റ്റി)